ഉത്തരം

(എ) കായംകുളം നഗരസഭയിൽ മാലിന്യ സംസ്ക്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിലേക്കായി 2.40 കോടി രൂപയുടെ പദ്ധതിക്ക് അനുമതിയും ആയതിന്റെ നിർവ്വഹണത്തിലേക്കായി 100% സാമ്പത്തിക സഹായവും 2011-12, 2012-13 വർഷങ്ങളിലായി ശുചിത്വമിഷനിൽനിന്നും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ഉറവിട മാലിന്യ സംസ്ക്കരണ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി 1,80,18,000 രൂപയുടെ പദ്ധതിക്ക് അനുമതിയും ആയതിന്റെ നിർവ്വഹണത്തിലേക്ക് ഒന്നാംഘട്ട ഗഡുവായി 76,32,900 രൂപയും കായംകുളം നഗരസഭയ്ക്ക് അനുവദിച്ചുനൽകിയിട്ടുണ്ട്.

(ബി) ആലപ്പുഴ നഗരസഭയിൽ ഉറവിട മാലിന്യ സംസ്ക്കരണ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി 29880000 രൂപ അടങ്കൽ വരുന്ന പദ്ധതിക്ക് അനുമതിയും ആയതിന്റെ നിർവ്വഹണത്തിലേക്കായി 10513200 രൂപയും 2012-2013 വർഷത്തിൽ കൈമാറിയിട്ടുണ്ട്. കൂടാതെ നിർമ്മല നഗരം നിർമ്മല ഭവനം പദ്ധതി നടപ്പിലാക്കുന്നതിലേക്കായി 39150000 രൂപയുടെ പദ്ധതിക്ക് അനുമതിയും ആയതിന്റെ നിർവ്വഹണത്തിലേയ്ക്കായി 4211250 രൂപയും നാളിതുവരെയായി നൽകിയിട്ടുണ്ട്.

കൊട്ടാരക്കര മണ്ഡലത്തിലെ ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികൾ

183 (7482) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ ജില്ലാപഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകളും അതിന്റെ ദൈർഘ്യവും വ്യക്തമാക്കുമോ ;

(ബി) 2011-12, 2012-13, 2013-14 വർഷങ്ങളിൽ കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെയും അവയുടെ നിലവിലുള്ള സ്ഥിതിയും പഞ്ചായത്തുകൾ തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

ആലപ്പുഴ ജില്ലയിലെ പഞ്ചായത്തുകളുടെ പദ്ധതി വിഹിതം

184 (7483) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിലെ പഞ്ചായത്തുകൾക്കായി 2013-14 വർഷത്തിൽ പദ്ധതിവിഹിതമായി എത്ര തുകയാണ് വകയിരുത്തിയിരുന്നത് ;

(ബി) ഓരോ പഞ്ചായത്തും പദ്ധതിവിഹിതം എത്ര ചെലവഴിച്ചുവെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) 2014-15 സാമ്പത്തിക വർഷത്തിൽ പദ്ധതി വിഹിതമായി എത്ര തുകയാണ് ആലപ്പുഴ ജില്ലയിലെ പഞ്ചായത്തുകൾക്ക് വകയിരുത്തിയിട്ടുള്ളത് ; പഞ്ചായത്തടിസ്ഥാനത്തിൽ വിശദമാക്കാമോ ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾക്കായി 2013-14 വർഷത്തിൽ പദ്ധതി വിഹിതമായി 1,30,28,72,000 രൂപയും ബ്ലോക്ക് പഞ്ചായത്തുകൾക്കായി 34,00,49,000 രൂപയും ജില്ലാ പഞ്ചായത്തിനായി 35,29,35,000 രൂപയുമാണ് വകയിരുത്തിയിരിക്കുന്നത്.

(ബി) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(സി) അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

വൈക്കം നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകളുടെ പദ്ധതി ചെലവ്

185 (7484) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14 സാമ്പത്തിക വർഷത്തിൽ വൈക്കം നിയോജകമണ്ഡലത്തിലെ ഓരോ ഗ്രാമപഞ്ചായത്തും പദ്ധതിവിഹിതത്തിന്റെ എത്ര ശതമാനം വീതം തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഓരോ പഞ്ചായത്തും ചെലവഴിച്ച തുക മുൻവർഷവുമായി താരതമ്യപ്പെടുത്തുമ്പോൾ എത്ര വ്യത്യാസമുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) വൈക്കം നിയോജകമണ്ഡലത്തിലെ ഓരോ പഞ്ചായത്തും പട്ടികജാതിവിഭാഗത്തിന് നീക്കിവച്ച തുകയിൽ എത്ര ശതമാനം വീതം ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഡി) പട്ടികജാതി വിഭാഗങ്ങൾക്കായി നീക്കിവച്ച തുക ഏതെങ്കിലും പഞ്ചായത്തുകൾ ദുരുപയോഗം ചെയ്തതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ)

ക്രമ നമ്പർ	ഗ്രാമ പഞ്ചായത്ത്	ചെലവഴിച്ചതിന്റെ ശതമാനം
(1)	(2)	(3)
1	റ്റി.വി. പുരം	83.28%
2	തലയാഴം	56.41%

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly